ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭീകരവാദത്തെ എതിർക്കാൻ ബ്രിക്സ് അംഗരാജ്യങ്ങൾക്കിടയിൽ ശക്തമായ സഹകരണത്തിന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി

   Prime Minister Narendra Modi calls for stronger cooperation among BRICS member states to counter terrorism.

2. ബ്രിക്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങുമായി ഉഭയകക്ഷി ചർച്ച നടത്തി. ഇന്ത്യ-ചൈന ബന്ധം ഇരു രാജ്യങ്ങളിലെ ജനങ്ങൾക്കും സമാധാനത്തിനും സ്ഥിരതയ്ക്കും പ്രധാനമെന്ന് ശ്രീ. മോദി.

   PM held bilateral talks with Chinese President Xi Jinping on the sidelines of the BRICS summit. Modi said India-China relations are important for peace and stability for the people of both countries.

3. ഇന്ത്യയെ 5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയാക്കുന്നതിൽ സാങ്കേതികവിദ്യയ്ക്ക് നിർണായക പങ്കാണുള്ളതെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി.

   Union Minister Nitin Gadkari said that technology has a crucial role to play in making India a 5 trillion dollar economy.

4. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. പ്രമുഖ സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു.

By-election campaign in Kerala intensified by fronts.Prominent candidates have submitted nomination paper.

5. 'ദാന' ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ ഒഡീഷയിലും പശ്ചിമബംഗാളിലും ദുരന്തനിവാരണ സേനയെ വിന്യസിച്ചു. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്.

Disaster response forces deployed in Odisha and West Bengal in wake of Cyclone 'Dana'.Heavy rains are likely in Kerala, says Meteorological Department

6. ജർമ്മനിക്കെതിരായ ഹോക്കി പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് തോൽവി.

India lost the first match of the hockey series against Germany.

## PM- BRICS ADDRESS

ഭീകരവാദത്തെയും ഭീകരവാദത്തിന് ഫണ്ട് നൽകുന്നതിനെയും എതിർക്കാൻ ബ്രിക്സ് അംഗരാജ്യങ്ങൾക്കിടയിൽ ഏകകണ്ഠവും ശക്തവുമായ സഹകരണത്തിന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭീകരവാദത്തിനെതിരായ പോരാട്ടത്തിൽ ഇരട്ടത്താപ്പിന് സ്ഥാനമില്ലെന്നും റഷ്യയിലെ കസാനിൽ നടന്ന ബ്രിക്സ് ഉച്ചകോടിയുടെ സമാപന പ്ലീനറി സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. യുവാക്കൾ തീവ്രവാദ ചിന്തകളിൽ ആകൃഷ്ടരാകുന്നത് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതിനെക്കുറിച്ചും ശ്രീ മോദി വ്യക്തമാക്കി. യുദ്ധത്തെയല്ല, മറിച്ച്, സംഭാഷണങ്ങളെയും നയതന്ത്രത്തെയുമാണ് ഇന്ത്യ പിന്തുണയ്ക്കുന്നതെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. നിർമ്മിത ബുദ്ധി, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിലെ വെല്ലുവിളികൾ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ ആഗോളതലത്തിൽ ഊർജ്ജിതമാക്കേണ്ടതുണ്ട്. പണപ്പെരുപ്പം നിയന്ത്രിക്കുന്നതും ഭക്ഷണം, ഊർജം, ആരോഗ്യം, ജലം എന്നീ മേഖലകളിലെ സുരക്ഷ ഉറപ്പാക്കുന്നതും എല്ലാ രാജ്യങ്ങളുടെയും മുൻഗണനാ വിഷയങ്ങളാണെന്ന് ചൂണ്ടിക്കാട്ടിയ മോദി, സുരക്ഷിതവും ശക്തവും സമൃദ്ധവുമായ ഭാവിക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ ബ്രിക്സ് അംഗരാജ്യങ്ങൾക്ക് സാധിക്കുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു.

## PM- BRICS (INTRO)

ആഗോള മാനവികതയുടെ 40 ശതമാനവും സമ്പദ്‌വ്യവസ്ഥയുടെ ഏകദേശം 30 ശതമാനവും പ്രതിനിധീകരിക്കുന്നത് ബ്രിക്സ് രാഷ്ട്രങ്ങളാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭാവിയിലെ ആഗോള വെല്ലുവിളികളെ നേരിടാൻ കൂടുതൽ ഫലപ്രദമായ മാധ്യമമായി ബ്രിക്സ് ഉയർന്നുവരുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

ബ്രിക്സ് രാജ്യങ്ങൾക്കിടയിൽ സാമ്പത്തിക സംയോജനം വർധിപ്പിക്കാനുള്ള ശ്രമങ്ങളെയും ശ്രീ മോദി സ്വാഗതം ചെയ്തു. ഇന്ത്യയുടെ ഏകീകൃത പണമിടപാട് സംവിധാനം വൻ വിജയമാണെന്നും പല രാജ്യങ്ങളിലും UPI വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

## MODI -XI

ബ്രിക്സ് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യ-ചൈന ഉഭയകക്ഷി ബന്ധവും, അന്താരാഷ്ട്ര - പ്രാദേശിക വിഷയങ്ങളും ചർച്ചയായി. ഇന്ത്യ-ചൈന ബന്ധം ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്കും പ്രാദേശികവും ആഗോളവുമായ സമാധാനത്തിനും സ്ഥിരതയ്ക്കും സുപ്രധാനമാണെന്ന് പറഞ്ഞ പ്രധാനമന്ത്രി മോദി, പരസ്പര വിശ്വാസം, ബഹുമാനം, സംവേദനക്ഷമത എന്നിവ ഉഭയകക്ഷി ബന്ധങ്ങളെ നയിക്കുമെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷം സമൂഹ മാധ്യമത്തിൽ കുറിച്ചു. അഞ്ച് വർഷത്തിനിടെ ഇതാദ്യമായാണ് ഇരു നേതാക്കളും തമ്മിൽ പ്രതിനിധിതല കൂടിക്കാഴ്ച നടക്കുന്നത്. കിഴക്കൻ ലഡാക്കിലെ അതിർത്തി രേഖയിലെ, സൈനിക പട്രോളിങ്ങുമായി ബന്ധപ്പെട്ട് ഇരു രാജ്യങ്ങളും ധാരണയിൽ എത്തിയതിന് പിന്നാലെയുള്ള കൂടിക്കാഴ്ചയ്ക്ക് നയതന്ത്രപരമായി വളരെയേറെ പ്രാധാന്യമുണ്ട്.

## SC- AIR POLLUTION

കമ്മീഷൻ ഫോർ എയർ ക്വാളിറ്റി മാനേജ്മെൻ്റ് ആക്ട് പ്രകാരം വൈക്കോൽ അവശിഷ്ടം കത്തിക്കുന്നതിന് പിഴ ചുമത്തുന്ന വ്യവസ്ഥകൾ നടപ്പാക്കാത്തതിനെ വിമർശിച്ച് സുപ്രീം കോടതി. അന്തരീക്ഷ മലിനീകരണം

തടയുന്നതിനുള്ള നിയമം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കാതെയാണ് **സി.എ.ക്യു.എം** നിയമം നടപ്പാക്കിയിരിക്കുന്നതെന്നും സുപ്രീം കോടതി പറഞ്ഞു. എന്നാൽ 10 ദിവസത്തിനകം ചട്ടങ്ങൾക്ക് അന്തിമരൂപം നൽകുമെന്നും നിയമം പൂർണമായി പ്രവർത്തന ക്ഷമമാക്കുമെന്നും കേന്ദ്രത്തെ പ്രതിനിധീകരിച്ച് അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭാട്ടി കോടതിയെ അറിയിച്ചു.

## GADKARI-WORLD CONGRESS

ഇന്ത്യയെ 5 ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥയാക്കുന്നതിൽ സാങ്കേതികവിദ്യയ്ക്ക് നിർണായക പങ്കാണുള്ളതെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. രാജ്യത്തിന്റെ വാർഷിക ഇന്ധന ഇറക്കുമതിയിൽ കുറവ് വരുത്തേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.
ന്യൂഡൽഹിയിൽ എഞ്ചിനീയറിംഗ് അസറ്റ് മാനേജ്മെൻറിനെക്കുറിച്ചുള്ള 18-ാമത് സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ആവശ്യാധിഷ്ഠിത ഗവേഷണത്തിൻറെ പ്രധാന്യത്തെക്കുറിച്ചും ശ്രീ ഗഡ്കരി, പരിപാടിയിൽ വിശദീകരിച്ചു.

## NCP LIST

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിലേക്കുള്ള നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയുടെ ആദ്യ സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. 38 സ്ഥാനാർത്ഥികളെയാണ് എൻസിപി പ്രഖ്യാപിച്ചത്. ഉപമുഖ്യമന്ത്രി അജിത് പവാർ ബാരാമതി മണ്ഡലത്തിൽ നിന്ന് ജനവിധി തേടും. ശിവസേന 45 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക പ്രഖ്യാപിച്ചു. മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ, കോപ്രി-പച്ച്പഖാഡി മണ്ഡലത്തിൽ നിന്ന് വീണ്ടും മത്സരിക്കും. മഹാരാഷ്ട്ര നവനിർമാൺ സേന രണ്ടാംഘട്ടമായി 45 സ്ഥാനാർത്ഥികളെക്കൂടി പ്രഖ്യാപിച്ചു.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ

കി ബാത് ഈ മാസം 27 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 115-ാാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങൾ അറിയിക്കാവുന്നതാണ്.

## HOCKEY INDIA GERMANY

ജർമ്മനിക്കെതിരായ ഹോക്കി പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് തോൽവി. ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ജർമ്മനി ഇന്ത്യയെ പരാജയപ്പെടുത്തിയത്. പരമ്പരയിലെ രണ്ടാം മത്സരം നാളെ നടക്കും.

## ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. പ്രമുഖ സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. പാലക്കാട് എൻ ഡി എ സ്ഥാനാർഥി സി കൃഷ്ണകുമാർ ഇന്ന് പത്രിക സമർപ്പിച്ചു. എൽ.ഡി.എഫ്, സ്വതന്ത്ര സ്ഥാനാർഥി പി. സരിനും യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലും നാളെ പത്രിക നൽകും. ചേലക്കരയിൽ യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസും, എൽഡിഎഫ് സ്ഥാനാർഥി യു ആർ പ്രദീപും, ബിജെപി സ്ഥാനാർഥി കെ ബാലകൃഷ്ണനും ഇന്ന് പത്രിക സമർപ്പിച്ചു.

## WAYANAD BI ELECTION (INTRO)

വയനാട് ലോക്സഭാ മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്കഗാന്ധി, നാമനിർദേശ പത്രിക സമർപ്പിച്ചു. ജില്ലാ കളക്ടറുടെ മുമ്പാകെയാണ് പത്രിക സമർപ്പിച്ചത്. എൽഡിഎഫ് സ്ഥാനാർത്ഥി

സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസും നാളെ പത്രിക സമർപ്പിക്കും.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്

(വോയ്സ്)

## PRAVASI PARICHAY 2024

സൗദി അറേബ്യയിലെ ഇന്ത്യൻ എംബസി സംഘടിപ്പിക്കുന്ന പ്രവാസി പരിചയ 2024 - പരിപാടി റിയാദിൽ ഇന്ത്യൻ അംബാസഡർ ഡോ. സുഹേൽ അജാസ് ഖാൻ ഉദ്ഘാടനം ചെയ്തു. "ഇന്ത്യയിലെ ക്ലാസിക്കൽ ഭാഷകൾ" എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ഒരാഴ്ചത്തെ സാംസ്കാരിക ആഘോഷം സംഘടിപ്പിക്കുന്നത്. വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് ചടങ്ങിൽ സ്വാഗത സന്ദേശം നൽകി.

## NDRF CYCLONE DANA

ബംഗാൾ ഉൾക്കടലിൽ ശക്തി പ്രാപിക്കുന്ന 'ദാന' ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഒഡീഷയിലും പശ്ചിമബംഗാളിലും ദുരന്തനിവാരണ സേനയുടെ കൂടുതൽ സംഘങ്ങളെ വിന്യസിച്ചു. ഒഡീഷയിൽ ഇരുപതും പശ്ചിമബംഗാളിൽ പതിമൂന്നും സംഘങ്ങളെയാണ് വിന്യസിച്ചിട്ടുള്ളതെന്ന് എൻഡിആർഎഫ് ഡിഐജി മൊഹ്സെൻ ഷാഹിദി പറഞ്ഞു. ചുഴലിക്കാറ്റ് ഭീഷണി നിലനിൽക്കുന്ന ഛത്തീസ്ഗഡ്, ജാർഖണ്ഡ് സംസ്ഥാനങ്ങളിലും ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്തും എൻഡിആർഎഫ് സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഒഡീഷ-പശ്ചിമബംഗാൾ തീരത്ത് പുരിയ്ക്കും, സാഗർ ദ്വീപിനുമിടയിൽ നാളെ രാത്രിയോടെയോ, മറ്റന്നാൾ രാവിലെയോടെയോ ചുഴലിക്കാറ്റ് തീരം തൊടുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം.

## WEATHER

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്ത് ജില്ലകളിൽ

മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ അഞ്ചു ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

## ABU DHABI EXCHANGE (FOR WEBSITE ONLY)

പ്രാഥമിക ഓഹരി വിൽപ്പനയ്ക്ക് തയ്യാറെടുത്ത് ലുലു ഗ്രൂപ്പ്. ലുലു റീട്ടെയിൽ ഹോൾഡിംഗ്സ്, അബുദാബി സെക്യൂരിറ്റീസ് എക്സ്ചേഞ്ചിൽ തങ്ങളുടെ 25% ഓഹരികൾ ലിസ്റ്റ് ചെയ്യുന്നതായി പ്രഖ്യാപിച്ചു. 2024 ഒക്ടോബർ 28 മുതൽ നവംബർ 5 വരെയായിരിക്കും സബ്സ്ക്രിപ്ഷൻ കാലയളവ്. നവംബർ 14 ന് അബുദാബി സെക്യൂരിറ്റീസ് എക്സ്ചേഞ്ചിൽ വ്യാപാരം ആരംഭിക്കും.

## SPAIN PRESIDENT

സ്പെയിൻ പ്രസിഡന്റ് പെഡ്രോ സാഞ്ചസ് ഒക്ടോബർ 27 മുതൽ 29 വരെ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തും. അദ്ദേഹത്തിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും വിദേശകാര്യ മന്ത്രി ഡോ. എസ് ജയ്ശങ്കറുമായും സാഞ്ചസ് കൂടിക്കാഴ്ച നടത്തും.